# മുരിങ്ങാക്കുരുവും സൂര്യപ്രകാശവും ജലം ശുദ്ധീകരിക്കാൻ

കുടിവെള്ളക്ഷാമത്തിന്റെ നാളുകൾ വരാൻ പോകുന്നു. ജലാശയങ്ങളിലെ വെള്ളം സുരക്ഷിതമായി ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥകളിൽ ചിലവുകുറഞ്ഞ സുരക്ഷിതമായ ബദലുകൾ തേടിപോകേണ്ടത് ഗ്രാമീണരെ സംബന്ധിച്ചിടത്തോളം അഭികാമ്യമായി മാറുന്നു. ഇവിടെ സുഡാനിലെ നാട്ടുകാർ കാലങ്ങളായി ഉപയോഗിച്ചുവരുന്ന മുരിങ്ങാക്കുരു കൊണ്ടുള്ള ജല ശുദ്ധീകരണം ചേതമില്ലാത്ത പരിഹാരമാകുന്നു. മുരിങ്ങാവിത്തുകൾ തോട് നീക്കിയശേഷം ഉള്ളിലെ പരിപ്പെടുത്ത്, പൊടിച്ചോ അരച്ചോ വെള്ളത്തിൽ ചേർക്കുന്ന ഫലപ്രദമായ ജലശുദ്ധീകരണ ഉപാധിയാണ്. എന്താണ് ഇതിന്റെ ശാസ്ത്രമെന്നു നോക്കാം.

മാലിന്യം കലർന്ന വെള്ളവുമായി മുരിങ്ങാവിത്തിന്റെ പൾപ്പ് കൂടിക്കലരുമ്പോൾ ലേയമായ മാംസ്യങ്ങൾ സ്വതന്ത്രമാക്കപ്പെടുന്നു. ഇവ മാലിന്യങ്ങളുടെ ചെറിയ കണികകളെ വലയംചെയ്ത് 'ഫ്ളോക്ക്' എന്നു വിളിക്കുന്ന കൊളോയിഡൽ രൂപത്തിലുള്ള വസ്തുവായി രൂപാന്തരപ്പെടുന്നു. വൈറസുകളും ബാക്ടീരിയകളും താമസിയാതെ ഫ്ളോക്കിനുള്ളിൽ കുടുങ്ങി പാത്രത്തിനടിയിൽ അടിഞ്ഞുകൊള്ളും. വെള്ളം ഊറ്റിയെടുത്ത് സുരക്ഷിതമായി ഉപയോഗിക്കാം.

സൂര്യപ്രകാശവും ജലശുദ്ധീകരണത്തിന് ഉത്തമമാണ്. വെള്ളത്തിലെ രോഗകാരികളായ ഒട്ടുമിക്കവാറും ബാക്ടീരിയകളെയും സൂര്യരശ്മികൾ നശിപ്പിക്കും. പുഴയിൽനിന്നും അരുവികളിൽനിന്നും കുളങ്ങളിൽനിന്നും എടുക്കുന്ന വെള്ളം 5 മണിക്കൂറെങ്കിലും സൂര്യപ്രകാശത്തിൽ തുറന്നുവെക്കണം. എന്നാൽ, കോളിഫോം ബാക്ടീരിയയോ രാസവസ്തുക്കളോ ഉള്ള ജലമാണെങ്കിൽ ഈ മാർഗം ഫലപ്രദമല്ല. പകൽ സമയത്തെ സൂര്യപ്രകാശത്തിൽ ചൂടാക്കി ശുദ്ധീകരിച്ച് സംഭരിച്ചുവെക്കുകയാണെങ്കിൽ ഗ്രാമീണർക്ക് സമയവും ഊർജവും ഇന്ധനവും ലാഭിക്കാവുന്നതും വനനശീകരണം ഒഴിവാക്കാവുന്നതുമാണ്.

(ആൾട്ടർ മീഡിയ ന്യൂസ്)

## മതിലകത്തു വീണ്ടും 'കളിപ്പള്ളിക്കൂടം'

വിദ്യാർഥികളായ കുട്ടികൾക്കു വേണ്ടി മധ്യവേനലവധിക്കാലത്ത് മതിലകം ഗ്രാമവേദി കഴിഞ്ഞ മൂന്നു വർഷങ്ങളായി നടന്നുവരുന്ന കളിപ്പള്ളിക്കൂടം ഇക്കൊല്ലവും ഏപ്രിൽ, മെയ് മാസങ്ങളിലായി നടക്കും.

കുടുംബാന്തരീക്ഷത്തിലും വിദ്യാലയങ്ങളിലും കുട്ടികൾക്ക് കിട്ടാതെ പോകുന്ന അനുഭവങ്ങളിലൂടെ കുട്ടികളുടെ കൈപിടിച്ചുനടത്തുകയാണ് കളിപ്പള്ളിക്കൂടത്തിൽ ചെയ്യുന്നത്. വൈവിധ്യമുള്ള ഒട്ടേറെ ഇനങ്ങൾ ഇത്തവണയും കുട്ടികൾക്കായി ആവിഷ്കരിച്ചിട്ടുണ്ട്.

കളിപള്ളികൂടത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഗ്രാമവേദി പ്രവർത്തകരുമായിട്ടോ ഓഫീസുമായോ ബന്ധപ്പെടുക.